# ഡോ.പി.ആർ.ജി.മാത്തൂർ അന്തരിച്ചു

**പ്രാചീന ഗോത്രങ്ങളെക്കുറിച്ച് നിർണായക കണ്ടെത്തലുകൾ നടത്തിയ നരവംശശാസ്ത്ര ഗവേഷകൻ**

**മനോരമ ലേഖകൻ**

പാലക്കാട് ● നരവംശ ശാസ്ത്രജ്ഞനും കിർത്താഡ്സ് സ്ഥാപക ഡയറക്ടറുമായ ഡോ.പി.ആർ.ജി.മാത്തൂർ (88) അന്തരിച്ചു. സാംസ്കാരിക, നരവംശശാസ്ത്ര ഗവേഷണ മേഖലയിൽ അരനൂറ്റാണ്ടിലധികം സജീവമായിരുന്നു.

കൊറഗർ, കാട്ടുനായ്ക്കർ, കുറുമ്പർ ആദിവാസി വിഭാഗങ്ങളെക്കുറിച്ചു പഠിക്കാൻ മാസങ്ങളോളം വനത്തിൽ താമസിച്ച മാത്തൂരിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ സമുദായങ്ങളെ പ്രാചീന ഗോത്രവിഭാഗത്തിൽപ്പെടുത്തിയത്. നിലമ്പൂർ കാടുകളിൽ പുറംലോകവുമായി ബന്ധമില്ലാതെ ജീവിക്കുന്ന ചോലനായ്ക്കരെക്കുറിച്ചു പഠിക്കാൻ ഒരു വർഷത്തിലധികമാണു മാത്തൂർ അവരോടൊപ്പം താമസിച്ചത്. മത്സ്യത്തൊഴിലാളികൾക്കൊപ്പം 6 മാസത്തിലധികം ജോലി ചെയ്തും ജീവിച്ചും 'ദ് മാപ്പിള ഫിഷർഫോക് ഓഫ് കേരള' പുസ്തകമെഴുതി. ശബരിമല, ഗുരുവായൂർ ക്ഷേത്രങ്ങളെക്കുറിച്ചും അദ്ദേഹം ആധികാരിക പഠനം നടത്തി.

മേഘാലയയിലെ ആദിവാസികളെക്കുറിച്ചു പഠിക്കാൻ ഗുഹാവാസികളായ അവരോടൊപ്പം താമസിച്ചു. ഫീൽഡ് പഠനമില്ലാതെയുള്ള ജാതി, സാംസ്കാരിക, വർഗീകരണ ഗവേഷണം ശാസ്ത്രീയമല്ലെന്നു വിശദീകരിച്ചു.

പൊടിക്കുളങ്ങര രാമസ്വാമി ഗോവിന്ദൻകുട്ടി മാത്തൂർ എന്ന പി.ആർ.ജി.മാത്തൂർ കൊൽക്കത്ത സർവകലാശാലയിൽ നിന്നു കൾച്ചറൽ ആന്ത്രപ്പോളജിയിൽ പിഎച്ച്ഡി നേടിയ ശേഷം കൊൽക്കത്ത ആന്ത്രപ്പോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയിൽ സീനിയർ ടെക്നിക്കൽ അസിസ്റ്റന്റും റിസർച് അസോഷ്യേറ്റുമായി 1973 വരെ ഗവേഷണം നടത്തി. വിവിധ സർവകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും ബോർഡ് ഓഫ് സ്റ്റഡീസ് അംഗവും ഗവേഷണ ഗൈഡുമായിരുന്നു.



ഡോ.പി.ആർ.ജി.മാത്തൂർ

1987 വരെ കിർത്താഡ്സിന്റെ സ്പെഷൽ ഓഫിസറും ഡയറക്ടറുമായിരുന്നു. ഒരു സമുദായത്തെക്കുറിച്ചുള്ള പഠനവുമായി ബന്ധപ്പെട്ടു സർക്കാരുമായുണ്ടായ അഭിപ്രായവ്യത്യാസത്തെത്തുടർന്നു ഡയറക്ടർ സ്ഥാനം ഉപേക്ഷിച്ചു. ദേശീയ പിന്നാക്ക വിഭാഗ കമ്മിഷൻ അംഗം, ഇന്റർനാഷനൽ കമ്മിഷൻ ഓഫ് ആന്ത്രപ്പോളജിക്കൽ റിസർച് ചാപ്റ്റർ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. ഔദ്യോഗിക ജീവിതത്തിനു ശേഷം വംശീയവൈദ്യ പ്രചാരണത്തിനും ഗവേഷണത്തിനുമായി മുത്തുമൂപ്പൻ സ്മാരക പഠനകേന്ദ്രം, സെന്റർ ഫോർ ഇൻഡിജിനസ് നോളജ് കൾചർ ആൻഡ് സയൻസ്, അനന്തകൃഷ്ണയ്യർ ഇന്റർനാഷനൽ സെന്റർ ഫോർ ആന്ത്രപ്പോളജിക്കൽ സ്റ്റഡീസ് എന്നിവ സ്ഥാപിച്ചു.

ഭാര്യ: രുക്മിണി. മകൻ: ഡോ. ശ്രീനിവാസൻ, പരേതയായ ആശ. മരുമകൾ: ഡോ.എൻ. സോന (ജില്ലാ ആശുപത്രി, പാലക്കാട്).

മലയാള മനോരമയ്ക്കു വേണ്ടി പാലക്കാട് കോ ഓർഡിനേറ്റിങ് എഡിറ്റർ സുരേഷ് ഹരിഹരൻ ആദരാഞ്ജലി അർപ്പിച്ചു.

ദേശവിശേഷം